# സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ അൻപതാമത് ചരമവാർഷികദിനം സംസ്ഥാനവ്യാപകമായി ആചരിക്കുന്നു

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ ഇഹലോകവാസം വെടിഞ്ഞത് 1970 ഫെബ്രുവരി 25 പകൽ 11.40-ന് ആണ്. 93-ാമത്തെ വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ വേർപാട്. ഭൗതികശരീരം, അദ്ദേഹം നേരത്തെ നിശ്ചയിച്ചിരുന്നപ്രകാരം, എൻ.എസ്.എസ്. ആസ്ഥാനത്ത് പ്രത്യേകം തയ്യാറാക്കപ്പെട്ട ചന്ദനച്ചിതയിൽ ജനസഹസ്രങ്ങളുടെ സാന്നിദ്ധ്യത്തിൽ എരിഞ്ഞടങ്ങുകയായിരുന്നു. അത് ഇന്നും ഒരു ചരിത്രസംഭവമായി അവശേഷിക്കുന്നു.

ആ ചിതയുടെ സ്ഥാനത്ത് മന്നംസമാധിമണ്ഡപം ഉയർന്നതും, അതോടൊപ്പം ചുറ്റമ്പലം, മ്യൂസിയം, ആർട്ട് ഗ്യാലറി എന്നീ സമുച്ചയങ്ങൾ ഉണ്ടായതും എല്ലാം, ആ ചരിത്രപുരുഷന്റെ മുൻകൂട്ടിയുള്ള ഉൾക്കാഴ്ചയാണെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ അന്ത്യവിശ്രമസങ്കേതത്തിന് ക്ഷേത്രമാതൃകയിൽ, പടിപടിയായുണ്ടായ മാറ്റങ്ങൾ അതു തെളിയിക്കുന്നുമുണ്ട്.

കരയോഗങ്ങളിൽ നിന്നും താലൂക്ക് യൂണിയനുകളിൽനിന്നും അല്ലാതെയും, അദ്ദേഹത്തിന്റെ ആരാധകരായി സംസ്ഥാനത്തിന്റെ അകത്തും പുറത്തുംനിന്നുമായി ദർശനം നടത്താനും, പുഷ്പാർച്ചന നടത്താനും, കാണിക്കയിടാനും, ആദരവ് പ്രകടിപ്പിക്കാനും നിരവധി പേർ ഇവിടെ എത്താറുണ്ട്. അവരുടെ സൗകര്യാർത്ഥം സമാധിമണ്ഡപത്തിലുള്ള ചുറ്റമ്പലത്തിനോടു ചേർന്നു തന്നെ സ്ഥിരംപന്തലും, കൂടാതെ ഏതു സാഹചര്യത്തിലും ആയിരക്കണക്കിനുള്ള ഭക്തജനങ്ങൾക്ക് സുഗമമായി ദർശനം നടത്തിമടങ്ങുന്നതിന് ഗോപുരത്തിനോടു ചേർന്നുതന്നെ സ്ഥിരംനടപ്പന്തലും പുതുതായി നിർമ്മിച്ചുകഴിഞ്ഞിരിക്കുകയാണ്.

നടപ്പന്തലിൽനിന്ന്, സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ പൂർണ്ണകായവെങ്കലപ്രതിമ സ്ഥാപിച്ചിട്ടുള്ള മണ്ഡപത്തിൽ എത്തി ദർശനം നടത്തുന്നതിനുള്ള സൗകര്യവും ഇപ്പോഴുണ്ട്.

യഥാർത്ഥത്തിൽ സമാധിസ്ഥലത്തിന്റെ നിർമ്മിതിയുടെയും പരിപാലനത്തിന്റെയും കാര്യത്തിലും, ക്ഷേത്രതുല്യമായുള്ള ആചരണത്തിന്റെ കാര്യത്തിലും മന്നംസമാധിമണ്ഡപം മറ്റ് സമാധിസ്ഥലങ്ങളേക്കാൾ ഏറെ മഹത്തരമാണ്. കഴിഞ്ഞ 20 വർഷമായി, ഈ സമുദായക്ഷേത്രത്തിൽ സന്ധ്യാവിളക്ക് തെളിയിക്കൽ നിത്യവും നടന്നുവരുന്നുണ്ട്.

ഇന്ന് നായർ സർവീസ് സൊസൈറ്റിയുടെ ഏതൊരു സംരംഭത്തിനും ഈ സന്നിധിയിൽ നിന്നാണ് തുടക്കം കുറിക്കുന്നത് എന്നുള്ളതാണ് സംഘടനയുടെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും കാരണം.

സമുദായത്തിന്റെയും സർവീസ് സൊസൈറ്റിയുടെയും സർവസ്വമാണ് യുഗപ്രഭാവനായ ശ്രീ മന്നത്തുപത്മനാഭൻ. ആ മഹാത്മാവ് ഭൗതികശരീരം വെടിഞ്ഞിട്ട് അൻപതുവർഷം തികയുന്നു. അദൃശ്യമെങ്കിലും, അദ്ദേഹത്തിന്റെ ആത്മാവ് ഇന്നും നമ്മെ നയിക്കുന്നു. ആത്മവിശ്വാസത്തിന്റെയും ഐക്യത്തിന്റെയും കേന്ദ്രമായി, സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭൻ അന്ത്യവിശ്രമം കൊള്ളുന്ന പുണ്യസങ്കേതമായ മന്നംസമാധി പരിലസിക്കുന്നു. സമുദായഐക്യത്തിന്റെയും സംഘടനയുടെ കെട്ടുറപ്പിന്റെയും എല്ലാം ഉറവിടം ഈ പുണ്യസങ്കേതമാണ്.

ദൈനംദിനം ഇവിടെ എത്തിക്കൊണ്ടിരിക്കുന്ന കരയോഗാംഗങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് എന്നത് ഈ പുണ്യസങ്കേതത്തിന്റെ മഹത്ത്വം വിളിച്ചോതുന്നു.

അദ്ദേഹത്തിന്റെ അൻപതാമത് ചരമവാർഷികദിനം ഈ സമാധിമണ്ഡപത്തിൽ ഫെബ്രുവരി 25-ന് രാവിലെ ആറുമണി മുതൽ ഭക്തിനിർഭരമായി ആചരിക്കുകയാണ്. അതോടൊപ്പംതന്നെ താലൂക്ക് യൂണിയൻ ആസ്ഥാനങ്ങളിലും സംസ്ഥാനവ്യാപകമായി കരയോഗങ്ങളിലും ഈ ആചരണം നടക്കുന്നതാണ്.